(4) വകുപ്പ് ജീവനക്കാർക്കുള്ള ഇൻസർവ്വീസ് ട്രെയിനിംഗിന് 15 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 8.34 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ട്രഷറി നിയന്ത്രണംമൂലം ഷെഡ്യൂൾ പ്രകാരം ട്രെയിനിംഗ് നൽകാൻ കഴിയാതിരുന്നതാണ് കാരണം.

(5) സാമൂഹ്യക്ഷേമവകുപ്പ് ശക്തിപ്പെടുത്തുന്നതിനായി 30 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നതിൽ 7.12 ലക്ഷം രൂപ മാത്രമേ ചെലവായിട്ടുള്ളൂ. സാമൂഹ്യ ക്ഷേമ ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളുമായും ബന്ധിപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം നിലവിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസലിന് പ്രസ്തുത വർഷം സർക്കാർ അനുമതി ലഭിക്കാതിരുന്നതിനാലാണ് ബാക്കി തുക ചെലവഴിക്കുവാൻ കഴിയാതിരുന്നത്.

(6) സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയതിൽ 65.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(7) അംഗൻവാടി സെന്ററുകൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കുന്നതിന് 61 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 7.38 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അംഗൻവാടികളിൽ കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിനുള്ള പ്രൊപ്പോസലിൻമേൽ ഐ. റ്റി. വകുപ്പിന്റെ ക്ലിയറൻസ് ലഭിച്ച് ഭരണാനുമതി ലഭിച്ചത് മാർച്ച് മാസം അവസാനത്തോടുകൂടിയാണ്. അതിനാൽ കമ്പ്യൂട്ടറുകളും മറ്റും വാങ്ങാൻ കഴിഞ്ഞില്ല.

(8) സംയോജിത വനിതാ വികസന പദ്ധതിയിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 45 ലക്ഷം രൂപ മാത്രമേ ചെലവായുള്ളൂ. ട്രഷറി നിയന്ത്രണംമൂലമാണ് മുഴുവൻ തുകയും ചെലവഴിക്കുവാൻ കഴിയാതിരുന്നത്.

(9) ദേശീയ പോഷകാഹാര മിഷൻ എന്ന പദ്ധതി പുതുതായി ആരംഭിച്ച പദ്ധതിയായതിനാൽ വകയിരുത്തിയ മുഴുവൻ തുകയും തൻവർഷം ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതി ഒരു തുടർ പദ്ധതിയായതിനാൽ തുക തുടർന്നുള്ള വർഷത്തിൽ ചെലവഴിക്കുവാൻ സാധിക്കുന്നതാണ്.

ഐ. ഡി. സി. എസ്. പ്രോജക്ടുകളിലെ ക്ഷേമപ്രവർത്തനങ്ങൾ

39 [2166] ശ്രീ. സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ:

ഡോ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. സി. ഡി. എസ്. പ്രോജക്ടുകളിൽ അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനുവേണ്ടി നടത്തുന്ന പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഗവൺമെന്റ് തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐ. സി. ഡി. എസ്. പ്രോജക്ടിൽ നടക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവസാനം പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഐ. സി. ഡി. എസ്. പദ്ധതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വേണ്ടി അധികാര വികേന്ദ്രീകരണത്തെ തുടർന്ന് പദ്ധതിയുടെ നടത്തിപ്പും മേൽനോട്ടവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി മുഖാന്തിരം നൽകപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സേവനമാണ് അനുപൂരക പോഷകാഹാര പരിപാടി. ഇതിന്റെ നടത്തിപ്പിന്റെ ചുമതല പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഈ സേവനം ഐ. സി. ഡി. എസ്. പദ്ധതിയുടെ കീഴിൽ വരുന്ന അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും മാനദണ്ഡം അനുസരിച്ച് തടസ്സംകൂടാതെ വിതരണം ചെയ്യണമെന്ന് സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പോഷകാഹാര പരിപാടി തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 10-ാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലാൻഡ് ഫണ്ടിൽ നിന്ന് 10 ശതമാനം വനിതകൾക്കും 5 ശതമാനം കുട്ടികൾക്കും വികലാംഗർക്കും വൃദ്ധർക്കും നിർബന്ധമായും മാറ്റിവയ്ക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നൽകി നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ സേവനം അംഗൻവാടികൾ മുഖാന്തിരം സംസ്ഥാനത്തെ മുഴുവൻ അർഹരും അനർഹരും, താൽപ്പര്യമുള്ളവരുമായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തന ക്ഷമമല്ലാത്ത അംഗൻവാടികൾ ആവശ്യമായ കേന്ദ്രങ്ങളിൽ റീലൊക്കേറ്റ് ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് അടുത്തകാലത്ത് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അംഗൻവാടികൾ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്നതരത്തിൽ അവയെ സാമൂഹ്യവിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി അംഗൻവാടി കേന്ദ്രങ്ങളുടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിച്ച് അവയെ മാതൃകാ അംഗൻവാടികളാക്കി മാറ്റുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(സി) സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികസനമാണ് ഐ. സി. ഡി. എസ്. പദ്ധതിയുടെ ലക്ഷ്യം. ഇതിലേയ്ക്ക് ചുവടെ ചേർക്കുന്ന സേവനങ്ങളാണ് പദ്ധതിമുഖാന്തിരം നൽകിവരുന്നത്;

(i) അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം

(ii) രോഗ പ്രതിരോധ കുത്തിവെപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

(iii) ആരോഗ്യ പരിശോധന

(iv) അനുപൂരക പോഷകാഹാര പരിപാടി

(v) പോഷക-ആരോഗ്യ വിദ്യാഭ്യാസം

(vi) റഫറൽ സർവ്വീസ്.

കൂടാതെ സ്ത്രീശാക്തീകരണ പരിപാടിയും കൗമാരപ്രായക്കാരുടെ കുടുംബ ആരോഗ്യ വിദ്യാഭ്യാസ പരിപാടിയും ഐ. സി. ഡി. എസ്.-ലൂടെ നടപ്പിലാക്കി വരുന്നു.

(ഡി) പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 14-6-2004-ലെ ജി. ഒ. (ആർടി.) നമ്പർ 247/04/സാക്ഷേവ. (അംഗൻവാടികൾ പുനർവിതരണം നടത്തിയ ഉത്തരവ്) അനുബന്ധമായി വച്ചിട്ടുണ്ട്.†

അംഗൻവാടി ജീവനക്കാരുടെ ക്ഷേമനിധി

40 [2167] ശ്രീ. യു. സി. രാമൻ:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, സി. മോയിൻകുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരുടെ ക്ഷേമനിധി പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവരുടെ ക്ഷേമനിധിയിൽനിന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ക്ഷേമനിധി ബോർഡിൽ ജീവനക്കാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുമോ;

(ഡി) ബോർഡ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ സർക്കാർ നിശ്ചയിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 18-12-2003-ലെ സ. ഉ. (എംഎസ്.) നമ്പർ 73/03 സാക്ഷേവ. പ്രകാരം അംഗൻവാടി ജീവനക്കാരുടെ ക്ഷേമനിധി പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം 10 ശതമാനം തുകയിൽനിന്നും വർദ്ധിപ്പിച്ച് അംഗം അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി 100 ശതമാനം ആക്കിയിട്ടുണ്ട്. അതോടൊപ്പം അംഗങ്ങളുടെ വിഹിതം വർക്കർ 20 രൂപ എന്നത് 30 രൂപയാക്കിയും ഹെൽപ്പർ 10 രൂപ എന്നത് 15 രൂപയാക്കിയും വർദ്ധിപ്പിച്ചു. വീണ്ടും ഉടൻ ഒരു പരിഷ്ക്കരണത്തിന് ഉദ്ദേശിക്കുന്നില്ല.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly